# കേരള സർവകലാശാല

നം.പി.ആർ.62/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാല പരീക്ഷകൾക്ക് മാറ്റമില്ല

കേരള സർവകലാശാല നടത്തുന്ന പരീക്ഷകൾക്കൊന്നും മാറ്റമില്ലെന്ന് സർവകലാശാല പത്ര ക്കുറിപ്പിൽ അറിയിച്ചു. ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്ന സുരക്ഷിത നടപടികൾ സ്വീകരിച്ചുകൊണ്ട് പരീക്ഷകൾ സുഗമമായി നടത്തുന്നതിന് സെന്റർ സൂപ്രണ്ടുമാർക്കും അതതു കോളേജ് പ്രിൻസി പ്പൾമാർക്കും സർവകലാശാല നിർദ്ദേശം നൽകിയിട്ടുണ്ട്.

### പരീക്ഷ മാറ്റി

മാർച്ച് 21, 28 തീയതികളിൽ നടത്താനിരുന്ന പാർട്ട് മൂന്ന് ബി.എ/ബി.എ അഫ്സൽ ഉൽ – ഉലമ/ബി.കോം (ആന്വൽ സ്കീം) ബിരുദ പരീക്ഷകൾ മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### ടൈംടേബിൾ

2020 മാർച്ചിൽ നടക്കുന്ന നാലാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133) ഡിഗ്രി കോഴ്സിന്റെ ഏപ്രിൽ 6 ന് നടത്തേണ്ട കോംപ്ലിമെന്ററി കോഴ്സ് IV - "ഹിസ്റ്ററി ഓഫ് ഇംഗ്ലീഷ് ലാംഗ്വേജ്" (2014 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് മാത്രം) പരീക്ഷ 2020 ഏപ്രിൽ 15 ന് നട ത്തുന്നതാണ്. വിശദവിവരങ്ങളടങ്ങിയ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2020 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം/ഫുൾ ടൈം) മൂന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) (2013 സ്കീം – സപ്ലിമെന്ററി, സെപ്റ്റംബർ 2019) (സിവിൽ, മെക്കാ നിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2020 മാർച്ച് 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ബി.എ എസ്.ഡി.ഇ (സി.എസ്.എസ്) അഞ്ചും ആറും സെമസ്റ്റർ പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ 2020 മാർച്ച് 19 മുതൽ ആരംഭിക്കുന്നതാണ്. പിഴകൂടാതെ മാർച്ച് 25 വരെയും 150 രൂപ പിഴയോടെ മാർച്ച് 27 വരെയും 400 രൂപ പിഴയോടെ മാർച്ച് 31 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 മാർച്ച്, ഏപ്രിലിൽ നടക്കുന്ന അഞ്ചും ആറും സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (എസ്.ഡി.ഇ – 2017 അഡ്മിഷൻ) പരീക്ഷകൾക്ക് 2020 മാർച്ച് 19 മുതൽ ഓൺലൈനായി അപേക്ഷിക്കാം. പിഴകൂടാതെ മാർച്ച് 25 വരെയും 150 രൂപ പിഴയോടെ മാർച്ച് 28 വരെയും 400 രൂപ പിഴയോടെ മാർച്ച് 31 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

അഞ്ചും ആറും സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ വിദൂര വിദ്യാഭ്യാസവിഭാഗം (2017 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ 2020 മാർച്ച് 25 വരെയും 150 രൂപ പിഴയോടെ മാർച്ച് 28 വരെയും 400 രൂപ പിഴയോടെ മാർച്ച് 31 വരെയും അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ മാർച്ച് 19 മുതൽ ആരംഭിക്കും. പരീക്ഷാഫീസിനു പുറമേ സി.വി ക്യാമ്പ് ഫീസായ 250 രൂപയും ആകെ ഫീസിന്റെ 5% തുകയും അധികമായി അടയ്ക്കേണ്ടതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാലയുടെ സെന്റർ ഫോർ അഡൽട്ട് ആന്റ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ആന്റ് എക്സ്റ്റൻഷൻ യൂണിറ്റിന്റെ കീഴിൽ തിരുവനന്തപുരം കല്ലറ പാങ്ങോട് മന്നാനിയ കോളേജിൽ നടത്തി വരുന്ന തൊഴിലധിഷ്ഠിത സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ അടുത്ത ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു, കോഴ്സ് കാലാവധി: 6 മാസം, കോഴ്സ്ഫീസ്: 7500/-. വിശദവിവരങ്ങൾക്ക്: 9048538210

തിരുവനന്തപുരം

19.03.2020

പബ്ലിക്ക് റിലേഷൻസ് ഓഫീസർ